**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 431** **05-10-2021 - ൽ മറുപടിയ്ക്ക്**

**ആസ്തി വികസന പദ്ധതി വരുന്ന ടെണ്ടർ എക്സസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതിയിൽ വരുന്ന ടെണ്ടർ എക്സസ് അനുവദിക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതികൾക്ക് ടെൻഡർ എക്സസ്സ് അനുവദനീയമല്ല. ഓരോ എം.എൽ.എ- മാർക്കും ഓരോ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 5 കോടി രൂപയിൽ നിജപ്പെടുത്തികൊണ്ടാണ് മൊത്തം പ്രവൃത്തികൾക്ക് ഭരണാനുമതി ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. അപ്രകാരം അനുമതി നൽകുന്ന ഓരോ പ്രവൃത്തിയുടെയും അനുവദിച്ച തുകയിൽ അധികരിച്ച് വരുന്ന തുക അനുവദിക്കുവാൻ ആസ്തി വികസന പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം നിർവ്വാഹമില്ല. എന്നാൽ ഒരു പ്രവൃത്തിയുടെ ഭരണാനുമതി തുകയിൽ നിജപ്പെടുത്തികൊണ്ട് പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ സേവിങ്സ് അനുവദിക്കാവുന്നതാണ്. |
| (ബി) | റേറ്റ് റിവിഷൻ,അപ്രതീക്ഷിതമായി വരുന്ന മറ്റ് കാര്യങ്ങൾ എന്നിവയാൽ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കൂടുതൽ തുക ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ ഇതേ പ്രവൃത്തിയുടെ ടെണ്ടർ എക്സസ് ഉപയോഗിച്ച് പ്രസ്തുത പ്രവൃത്തിയുടെ ബാക്കി ഭാഗം പൂർത്തീകരിക്കുന്നതിന് അനുമതി നൽകുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; | (ബി) | എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതികൾക്ക് ടെൻഡർ എക്സസ്സ് അനുവദനീയമല്ല. ഓരോ എം.എൽ.എ- മാർക്കും ഓരോ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 5 കോടി രൂപയിൽ നിജപ്പെടുത്തികൊണ്ടാണ് മൊത്തം പ്രവൃത്തികൾക്ക് ഭരണാനുമതി ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. അപ്രകാരം അനുമതി നൽകുന്ന ഓരോ പ്രവൃത്തിയുടെയും അനുവദിച്ച തുകയിൽ അധികരിച്ച് വരുന്ന തുക അനുവദിക്കുവാൻ ആസ്തി വികസന പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം നിർവ്വാഹമില്ല. എന്നാൽ ഒരു പ്രവൃത്തിയുടെ ഭരണാനുമതി തുകയിൽ നിജപ്പെടുത്തികൊണ്ട് പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ സേവിങ്സ് അനുവദിക്കാവുന്നതാണ്. |
| (സി) | എങ്കിൽ ഇത്തരം സാഹചര്യങ്ങളിൽ പ്രത്യേകാനുമതി നൽകുന്നതിന് സന്നദ്ധമാവുമോയെന്ന് അറിയിക്കുമോ? | (സി) | എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതികൾക്ക് ടെൻഡർ എക്സസ്സ് അനുവദനീയമല്ല. ഓരോ എം.എൽ.എ- മാർക്കും ഓരോ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 5 കോടി രൂപയിൽ നിജപ്പെടുത്തികൊണ്ടാണ് മൊത്തം പ്രവൃത്തികൾക്ക് ഭരണാനുമതി ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. |

| | | | |
|---|---|---|---|
| | | | അപ്രകാരം അനുമതി നൽകുന്ന ഓരോ പ്രവൃത്തിയുടെയും അനുവദിച്ച തുകയിൽ അധികരിച്ചു വരുന്ന തുക അനുവദിക്കുവാൻ ആസ്തി വികസന പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം നിർവ്വാഹമില്ല. എന്നാൽ ഒരു പ്രവൃത്തിയുടെ ഭരണാനുമതി തുകയിൽ നിജപ്പെടുത്തികൊണ്ട് പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ സേവിങ്സ് അനുവദിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ